ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/6951/2026-C1 (ACA)** തീയതി: **17-09-2026**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം - അക്കാദമിക് (എ) വിഭാഗം - അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവ നടത്തിപ്പിലെ മാറ്റങ്ങൾ - സംബന്ധിച്ച്.

സൂചന :- **16.09.2026** തീയതിയിൽ സീനിയർ ജോയിന്റ് ഡയറക്ടറുടെ (പി.എസ്) അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ യോഗത്തിന്റെ തീരുമാനങ്ങൾ.

മേൽസൂചന യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാറ്റങ്ങൾ സർക്കാർ സാധൂകരണത്തിനു വിധേയമായി നടപ്പിലാക്കുവാൻ തീരുമാനമായിരിക്കുന്നു.

- ഒരു സ്കൂളിന് പരമാവധി പങ്കെടുക്കാവുന്ന ഗ്രൂപ്പ് ഇനങ്ങളുടെ എണ്ണം 5-ൽ നിന്ന് 4 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.
- നാടോടിനൃത്തം, ഓട്ടൻതുള്ളൽ, മിമിക്രി എന്നീ ഇനങ്ങൾ ജെൻഡർ ന്യൂട്രൽ (പൊതുമത്സരം) വിഭാഗത്തിൽ ഉൾപ്പെടുത്തി നടത്തുന്നതാണ്.
- രാത്രി **8** മണിക്ക് ശേഷം പ്രഖ്യാപിക്കുന്ന മത്സരഫലങ്ങളിന്മേലുള്ള അപ്പീലുകൾ അടുത്ത ദിവസം രാവിലെ **10** മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാരും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

Digitally signed by
ANI ABRAHAM
Date: 17-09-2026
13:01:38

ANI ABRAHAM
SENIOR JOINT DIRECTOR (PS)

ഉള്ളടക്കം :

മേൽസൂചന യോഗത്തിന്റെ മിനിറ്റ്സ്.

സ്വീകർത്താവ്,

**1.** ഈ വകുപ്പിന് കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ

സൂപ്രണ്ടുമാർക്കും **(www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

**2.** സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

# മിനിറ്റ്സ്

അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവ ദിനങ്ങളുടെ എണ്ണം 4 ൽ നിന്ന് 3 ആയി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട്, ശ്രീമതി. അനി അബ്രഹാം, **SJD (P.S)** –ന്റെ അധ്യക്ഷതയിൽ **16-09-2026** ൽ **2.00pm**-ന് **Online Meeting** സംഘടിപ്പിച്ചു.

മീറ്റിംഗിൽ പങ്കെടുത്തവർ:

1. ശ്രീമതി. അനി അബ്രഹാം, **SJD (P.S)**
2. ശ്രീമതി. മഞ്ജുഷ റ്റി.റ്റി, **DD General**
3. ശ്രീമതി. ദീപ കെ ആർ, **DD SITTTR**
4. **GTHS** സൂപ്രണ്ടുമാർ
5. ശ്രീ. മുകേഷ് എം, **U.D Typist , ACA (C1 section)**

അജണ്ടകൾ:

- നിലവിൽ ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം 4 ദിവസമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സാമ്പത്തിക ബാധ്യതയും മറ്റ് ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനായി ഇത് **3** ദിവസമായി ചുരുക്കണമെന്ന് **GTHS** സൂപ്രണ്ടുമാർ ആവശ്യപ്പെട്ടു. **3** ദിവസമാക്കുന്നത് വഴി ഭക്ഷണം, യാത്രാ ചെലവ് എന്നിവയിലെ ചെലവുകൾ കാര്യമായി കുറയ്ക്കാനാകുമെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു.
- ജനറൽ സ്കൂളുകളിലെ മാതൃക പിന്തുടർന്ന് നാടോടിനൃത്തം, ഓട്ടൻതുള്ളൽ, മിമിക്രി, പദ്യം ചൊല്ലൽ (ഇംഗ്ലീഷ്, മലയാളം) തുടങ്ങിയ ഇനങ്ങളിൽ **Gender-neutral** പൊതുമത്സരങ്ങൾ നടത്തുന്നതിനെക്കുറിച്ച് ചർച്ച് ചെയ്തു.
- മത്സരങ്ങളുടെ രജിസ്ട്രേഷൻ എല്ലാ ദിവസവും നടത്താനുള്ള സൗകര്യം ഒരുക്കേണ്ടതിനെപ്പറ്റി ചർച്ച ചെയ്തു.
- ഒരു സ്കൂളിന് പരമാവധി പങ്കെടുക്കാവുന്ന ഗ്രൂപ്പ് ഇനങ്ങളുടെ എണ്ണം **5** ൽ നിന്ന് **4** ആയി ക്രമീകരിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു

## തീരുമാനങ്ങൾ:

- നിലവിൽ ഒരു സ്കൂളിന് **5** ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കാമായിരുന്നത് **4** ആയി പരിമിതപ്പെടുത്താൻ തീരുമാനിച്ചു.
- **നാടോടിനൃത്തം, ഓട്ടൻതുള്ളൽ, മിമിക്രി** തുടങ്ങിയ ഇനങ്ങൾ ജെൻഡർ ന്യൂട്രൽ പൊതു മത്സരങ്ങളായി നടത്തുവാൻ തീരുമാനിച്ചു.
- ഈ മാറ്റങ്ങൾ ഉൾപ്പെടുത്തി കലോത്സവ മാനുവൽ പരിഷ്ക്കരിക്കാൻ അടിയന്തിരമായി സർക്കാരിലേക്ക് അയക്കാൻ തീരുമാനിച്ചു.
- രാത്രി **8** മണിക്ക് ശേഷം പ്രഖ്യാപിക്കുന്ന ഫലങ്ങളുടെ അപ്പീൽ അടുത്ത ദിവസം രാവിലെ **10** മണിക്ക് മുൻപായി നൽകേണ്ടതാണ്.

യോഗം **3.00pm** –ന് അവസാനിച്ചു.

Digitally signed by
ANI ABRAHAM
Date: 16-09-2026
17:13:16

ANI ABRAHAM
Senior Joint Director (PS)